LIBRARY ARCHIVES Kerala Legislative Assembly

യോഗ്യത ഹാജരാക്കിയാണ് നിയമനം നേടിയത് എന്നാരോപിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) ഇതുസംബന്ധിച്ച് സർക്കാർ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സർക്കാർ പ്രസ്തുത പരാതി പരിശോധിച്ചുവരികയാണ്.

മുണ്ടേരി കോക്കനട്ട് അഗ്രോ പാർക്ക്

9 (994) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് അഗ്രോ പാർക്കുകൾ എവിടെയൊക്കെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം കാർഷിക വിളകളെ ഉദ്ദേശിച്ചാണ് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതെന്ന് അറിയിക്കാമോ?

2021-22 വർഷത്തെ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് അഗ്രോ പാർക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) ബനാന ഹണി അഗ്രോ പാർക്ക് - തൃശ്ശൂർ

2) നാളികേര അഗ്രോ പാർക്ക്-വേങ്ങേരി, കോഴിക്കോട്

3) നാളികേര അഗ്രോ പാർക്ക്- കുത്താളി, കോഴിക്കോട്

4) മാംഗോ അഗ്രോ പാർക്ക് - മുതലമട

5) വെജിറ്റബിൾ അഗ്രോ പാർക്ക് -ഇടുക്കി

(ബി) മലപ്പുറം ജില്ലയിലെ മുണ്ടേരി ജില്ലാ വിത്തു കൃഷി തോട്ടത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന കോക്കനട്ട് അഗ്രോ പാർക്ക് പദ്ധതി ഇപ്പോഴും പരിഗണനയിലുണ്ടോ; കോക്കനട്ട് അഗ്രോ പാർക്കുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ നടപടികൾ വിശദീകരിക്കാമോ?

മലപ്പുറം ജില്ലയിലെ മുണ്ടേരി ജില്ലാ വിത്തു കൃഷി തോട്ടത്തിൽ മുൻസർക്കാരിന്റെ കാലത്ത് ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന കോക്കനട്ട് അഗ്രോ പാർക്ക് പദ്ധതി നിലവിൽ പരിഗണനയിലില്ല. എന്നാൽ നാളികേര അഗ്രോ

പാർക്കുകൾ കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കൂത്താളിയിലും KIIFB പദ്ധതിപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഏഷ്യയിലെതന്നെ ഏറ്റവുംവലിയ വിത്ത് കൃഷിത്തോട്ടമായ മുണ്ടേരിയിൽ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് അഗ്രോ പാർക്കുകളിലൊന്ന് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ?

മുണ്ടേരി അഗ്രോപാർക്ക് നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

കാർഷിക രംഗത്തേയ്ക്ക് യുവജനങ്ങളെ ആകർഷിക്കാൻ നടപടി

10 (995) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക രംഗത്തേയ്ക്ക് യുവജനങ്ങളെ ആകർഷിക്കാൻ എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനായി നടപടി സ്വീകരിക്കുമോ?

കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവത്ക്കരണം, കൂടുതൽ വരുമാനം എന്നിവ അവശ്യംവേണ്ട ഘടകങ്ങളാണ്. ഇതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

ഹൈ-ടെക്-അഗ്രിക്കൾച്ചർ പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കിയും ഉല്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെയും കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉല്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന ഈ പദ്ധതി യുവതലമുറയ്ക്ക് ഏറെ ആകർഷകമാണ്.

പച്ചക്കറി കൃഷി വികസന പദ്ധതി - ഇതിന്റെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രമഫലമായി പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും

LIBRARY ARCHIVES Kerala Legislative Assembly